# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 1618 16.03.2015 ൽ മറുപടിക്ക്

### ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഫർണ്ണീച്ചറുകൾ, തെരുവ് വിളക്കുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |
| ബി) | ഉപകരണങ്ങളും ഉല്പന്നങ്ങളും സ്വന്തമായി നിർമ്മിക്കാത്തവരും എന്നാൽ സർക്കാർ സ്ഥാപനങ്ങളുടെയോ സർക്കാർ രജിസ്ട്രേഷന്റെയോ മറവിൽ ഗുണമേന്മയില്ലാത്ത ഉപകരണങ്ങളും ഫർണ്ണിച്ചറുകളും മറ്റും മത്സരാടിസ്ഥാനത്തിലല്ലാത്ത ടെണ്ടറുകൾ നല്കി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) യും സി) യും | ഇല്ല, ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി RAIDCO, KAICO, KAMCO ഉടങ്ങിയ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന യന്ത്രസാമഗ്രികൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങാവൂ എന്നും, അപ്രകാരം സ്വന്തമായി നിർമ്മിക്കാത്ത സാധനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേയ്സ് വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ച് 10.11.2009 ൽ 17166/ എഎ 3/ 09/തസ്വഭവ നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ